**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** **14-09-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ എക്സ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി എത്രത്തോളം യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | സഹകരണ മേഖലയിൽ സഹകരണ സംഘം രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിലുള്ള 78 സഹകരണ സംഘങ്ങൾ മൂല്യവർദ്ധിത ഉൽപ്പാദന യൂണിറ്റുകൾ ആരംഭിച്ചുകൊണ്ടു വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ സ്വീകാര്യത ലഭിക്കുന്ന രൂപത്തിൽ സഹകരണ എക്സ്പോ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സ്വീകരിച്ചിരുന്നു. ഉൽപ്പന്നങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കും വിധം 2022, 2023 വർഷങ്ങളിൽ എറണാകുളം മറൈൻഡ്രൈവിൽ സംഘടിപ്പിച്ച സഹകരണ എക്സ്പോ പവലിയനിൽ പ്രത്യേകം സജ്ജീകരിച്ച സ്റ്റാളുകളിലൂടെ സഹകരണ ഉൽപ്പന്നങ്ങൾ, പൊതുജനങ്ങൾക്ക് മുന്നിൽ പ്രദർശിപ്പിക്കുകയും വിവരണം നൽകുകയും വൻ തോതിൽ വിൽപ്പന നടത്തുകയും ചെയ്തു. കൂടാതെ സഹകരണ ഉൽപ്പന്നങ്ങളുടെ ഭാവി വിപണി കണക്കിലെടുത്ത് രാജ്യത്തെ വിവിധ ട്രേഡർമാരെ ഉൾപ്പെടുത്തി സഹകരണ എക്സ്പോ വേദിയിൽ വെച്ച് ബിസിനസ്സ് മീറ്റും സംഘടിപ്പിച്ചിരുന്നു. |
| (സി) | സഹകരണ എക്സ്പോ വഴി ഉല്പന്നങ്ങളുടെ സ്വീകാര്യത കൂടാനും അതുവഴി ഉല്പന്നങ്ങളും ഉല്പാദക യൂണിറ്റുകളും വർദ്ധിക്കാനും കാരണമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | 2022 വർഷത്തെ സഹകരണ എക്സ്പോയിൽ 12 സംഘങ്ങളുടെ 28 പുതിയ ഉല്പന്നങ്ങളും 2023 വർഷത്തെ സഹകരണ എകസ്പോയിൽ 18 സംഘങ്ങളുടെ 68 പുതിയ ഉല്പന്നങ്ങളും ലോഞ്ച് ചെയ്തിരുന്നു. 2023 ലെ എക്സ്പോയിൽ പുതിയതായി ഒരു സംഘം 10 പുതിയ ഉൽപ്പന്നങ്ങൾ ലോഞ്ച് ചെയ്തുകൊണ്ട് ഉൽപ്പാദന രംഗത്തേക്ക് കടന്നു വന്നിട്ടുണ്ട്. പ്രസ്തുത സംഘം നിലവിൽ 50 ൽപ്പരം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയിട്ടുണ്ട്. |
| (ഡി) | ആരോഗ്യ ചികിത്സാരംഗത്തെ സഹകരണ മേഖലയുടെ പങ്കാളിത്തം എക്സ്പോയിലൂടെ | (ഡി) | എക്സ്പോയിൽ സൗജന്യ പരിശോധന, രോഗ നിർണയം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് കൊല്ലം |

| | | | |
|---|---|---|---|
| | വെളിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന വിവിധ തുണിത്തരങ്ങളുടെ ശേഖരം ആകർഷണീയമായി പ്രദർശിപ്പിക്കാനും വിപണനം നടത്താനും സഹകരണ എക്സ്പോ വഴി കഴിഞ്ഞിട്ടുണ്ടോ; | | ജില്ലാ സഹകരണ ആശുപത്രി (എൻ.എസ്. ആശുപത്രി), ഇ.എം.എസ് മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ, ഇമ്പിച്ചിവാവ സഹകരണ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ തുടങ്ങിയ സഹകരണ മേഖലയിലെ പ്രമുഖ ഹോസ്പിറ്റലുകൾക്ക് മിതമായ നിരക്കിലുള്ള തങ്ങളുടെ വൈവിധ്യമാർന്ന ചികിത്സാ സൗകര്യങ്ങൾ പൊതുജനങ്ങളുടെ മുന്നിൽ പരിചയപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കല്യാശേരി വീവേഴ്സ് ഇൻസ്ട്രിയൽ സഹകരണ സംഘം, കാഞ്ഞിരോട് വീവേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, ടെക്സ്റ്റഡ്, ഹാൻടെക്സ്, കൊമേരി സർവീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം ജില്ലാ എംബ്രോയ്ഡറി വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം, ദിനേശ് ബീഡി സഹകരണ സംഘം തുടങ്ങിയ സംഘങ്ങൾ ആകർഷണീയമായ വിവിധ തുണിത്തരങ്ങളുടെ ശേഖരം സഹകരണ എകസ്പോയിൽ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ബ്രാൻഡിംഗ് ഇമേജിലൂടെ സഹകരണ ഉല്പന്നങ്ങളെ ജനമനസ്സിൽ എത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | സഹകരണ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാന്റിംഗിലൂടെ വിപണി ശൃംഖല കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ **coopkerala** എന്ന സഹകരണ ബ്രാന്റും വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ